നഴ്സിംഗ് രംഗത്തെ വിദഗ്ധയും ലണ്ടനിലെ സഫോക് യൂണിവേഴ്സിറ്റി നഴ്സിംഗ് ഡീനുമായ പ്രഫ.ഡോ. സാം ചെനറി മോറിസ് അമല നഴ്സിംഗ് കോളജിലെ നഴ്സിംഗ് വിദ്യാർഥികളുമായി സംവദിക്കുന്നു.

സഫോക് യൂണിവേഴ്സിറ്റി ഡീൻ അമല സന്ദർശിച്ചു

തൃശൂർ: നഴ്സിംഗ് രംഗത്തെ വിദഗ്ധയും ലണ്ടനിലെ സഫോക് യൂണിവേഴ്സിറ്റി നഴ്സിംഗ് ഡീനുമായ പ്രഫ.ഡോ. സാം ചെനറി മോറിസ് അമല നഴ്സിംഗ് കോളജ് സന്ദർശിച്ചു. അക്കാദമിക് രംഗത്തും ഗവേഷണരംഗത്തും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അമല നഴ്സിംഗ് കോളജിനെ അവർ പ്രത്യേകം അഭിനന്ദിച്ചു.

സഫോക് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സംയുക്തപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകളും അവർ ആശുപത്രി അധികൃതരുമായി ചർച്ച ചെയ്തു. സഫോക് യൂണിവേഴ്സിറ്റിയുടെ കൺട്രി മാനേജർ പവൻ ബജാജും സന്നിഹിതനായിരുന്നു.

അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി മണ്ണുമ്മൽ, നഴ്സിംഗ് കോളജ് പ്രിൻസിപ്പൽ ഡോ. രാജി രഘുനാഥ്, സിഎഒ ഡോ. ജോബി തോമസ്, പ്രഫ. ജി. ലക്ഷ്മി, നഴ്സിംഗ് വിദ്യാർഥികൾ എന്നിവരുമായും പ്രഫ.ഡോ. സാം ചെനറി മോറിസ് സംവദിച്ചു.

ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ സമാപന സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സമാപിച്ചു

വകുപ്പു മേധാവികളുടെ യോഗം വിളിക്കുമെന്ന് മന്ത്രി രാജീവ്

കൊച്ചി: കുസാറ്റിൽ സംഘടിപ്പിച്ച ദ്വിദിന ഉന്നതവിദ്യാഭ്യാസ കോൺക്ലേവിൽ ഉയർന്നുവന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ വ്യവസായ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മേധാവികളുടെ സംയുക്ത യോഗം വിളിക്കുമെന്ന് വ്യവസായ മന്ത്രി പി.രാജീവ്. കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോൺക്ലേവിൽ നടന്ന വിവിധ സെഷനുകളുടെ ഭാഗമായി രൂപപ്പെട്ട നിർദേശങ്ങളും നിരീക്ഷണങ്ങളും ഏറെ വിലപ്പെട്ടതാണ്. വ്യവസായ മേഖലയുടെ സഹകരണം ആവശ്യമായ കാര്യങ്ങളിൽ പരമാവധി പിന്തുണ ഉണ്ടാകും. ഇക്കാര്യത്തിൽ വ്യവസായ സമൂഹത്തിന്റെ പിന്തുണയും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടന്ന സമാപനസമ്മേളനത്തിൽ ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷത വഹിച്ചു.

വ്യവസായ-അക്കാദമിക് സഹകരണത്തിന് പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകും: ആർ. ബിന്ദു

കൊച്ചി: വ്യവസായ-അക്കാദമിക് സഹകരണത്തിന് ഉന്നത വിദ്യഭ്യാസ പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകുമെന്ന് മന്ത്രി ആർ.ബിന്ദു വ്യക്തമാക്കി. വിദ്യാഭ്യാസ കോൺക്ലേവിന്റെ പ്രഖ്യാപനം നടത്തുകയായിരുന്നു മന്ത്രി. വളർന്നുവരുന്ന വ്യവസായ മേഖലയ്ക്ക് അനുസൃതമായി വിദ്യാർഥികളുടെ നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്ന തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സജ്ജമാക്കും. പാഠ്യപദ്ധതികൾ ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് നവീകരിക്കുന്നതിന് അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. എല്ലാവർഷവും വിദ്യാഭ്യാസ കോൺക്ലേവുകൾ സംഘടിപ്പിക്കും.

കോൺക്ലേവിൽ ഉയർന്നുവന്ന ആശയങ്ങളെ പ്രയോഗിക തലത്തിലേക്ക് മാറ്റുന്നതിന് പോസ്റ്റ് കോൺക്ലേവ് ശില്പശാലകളും എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അവർ നിർദേശിക്കുന്ന പ്രമുഖ അലുമ്നി അംഗങ്ങളെയും ഉൾപ്പെടുത്തി അലുമ്നി കോൺക്ലേവും സംഘടിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.

തൃശൂർ കൾച്ചറൽ ക്യാപ്പിറ്റൽ മാരത്തൺ ഫെബ്രുവരി 16ന്

തൃശൂർ: എൻഡ്യൂറൻസ് അത്‌ലറ്റ്സ് ഓഫ് തൃശൂർ, ജില്ലാ ഭരണകൂടം, സിറ്റി പോലീസ്, മുനിസിപ്പൽ കോർപറേഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവരുടെ സഹകരണത്തോടെ കൾച്ചറൽ ക്യാപ്പിറ്റൽ മാരത്തൺ ഫെബ്രുവരി 16നു നടക്കും.

ഫുൾ മാരത്തൺ (42.2 കിലോമീറ്റർ), ഹാഫ് മാരത്തൺ (21.1 കിലോമീറ്റർ), മിനി മാരത്തൺ (പത്തു കിലോമീറ്റർ), ഫൺ റൺ ഇനങ്ങളാണു നടക്കുക. തൃശൂരിൽ ആദ്യമായാണ് ഫുൾ മാരത്തൺ സംഘടിപ്പിക്കുന്നത്. ശുചിത്വനഗരം, പ്രായ, ലിംഗഭേദമില്ലാതെ ഏവരെയും ട്രാക്കിലേക്കു തിരികെക്കൊണ്ടുവരിക, ലഹരിവിരുദ്ധവും ആരോഗ്യപൂർണവുമായ ജീവിതത്തിനായി ഏവരെയും ശക്തീകരിക്കുക, തൃശൂരിന്റെ സാംസ്കാരിക വൈവിധ്യം തുറന്നുകാട്ടുക എന്നിവ ലക്ഷ്യമിട്ടാണ് മാരത്തൺ.

ദീർഘദൂര ഓട്ടക്കാർക്കും മാരത്തൺ പ്രേമികൾക്കും പങ്കെടുക്കാം. പുരുഷ, വനിതാ വിഭാഗങ്ങളിലായി പൊതുവിഭാഗം, പ്രായവിഭാഗം എന്നിങ്ങനെ വിജയികൾക്കു കാഷ് പ്രൈസ് ഉണ്ടായിരിക്കും. ഫൺ റൺ ഒഴിച്ചുള്ള എല്ലാ മാരത്തൺ ഇനങ്ങളിലും ടൈമിംഗ് ചിപ്പ് ഉണ്ടായിരിക്കും. രജിസ്റ്റർ ചെയ്തു പങ്കെടുക്കുന്ന എല്ലാവർക്കും ടീ ഷർട്ട്, മെഡൽ, പ്രഭാതഭക്ഷണം എന്നിവ ഉണ്ടായിരിക്കും. കായിക, സാംസ്കാരിക രംഗത്തെ പ്രമുഖർ മാരത്തണിന്റെ ഭാഗമാകും. പ്രമോ റണ്ണുകൾ, എക്സ്പോ, കലാ- സാംസ്കാരികപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിക്കും. മത്സരാർഥികൾ, വോളന്റിയേഴ്സ്, കാണികൾ എന്നിവരടക്കം 2500 ലധികംപേർ പങ്കെടുക്കും.

പ്രഥമാധ്യാപകരുടെ സെക്രട്ടേറിയറ്റ് ധർണ നാളെ

പത്തനംതിട്ട: സ്കൂളുകളിലെ ഉച്ചഭക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് കേരള ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രഥമാധ്യാപകർ നാളെ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ നടത്തും. രാവിലെ പത്തിന് ആരംഭിക്കുന്ന ധർണ സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വിവിധ ആവശ്യങ്ങളുന്നയിച്ചാണ് ധർണയെന്ന് അസോസിയേഷൻ പ്രസിഡന്റ് ബിജു തോമസ്, ജനറൽ സെക്രട്ടറി ഇ.ടി.കെ. ഇസ്മയിൽ എന്നിവർ അറിയിച്ചു.

കുരിയച്ചിറ സെന്റ് പോൾസ് പബ്ലിക് സ്കൂളിൽ നടന്ന തൃശൂർ ജില്ലാ കിഡ്സ് അത്‌ലറ്റിക്സ് മീറ്റിൽ ചാമ്പ്യൻമാരായ പൊങ്ങണംകാട് സെന്റ് എലിസബത്ത് സ്കൂൾ ടീം.

സർക്കാർ നിലപാട് സ്വാഗതാർഹം: മാർ ജോസഫ് പാംപ്ലാനി

തലശേരി: നിർദിഷ്ട വനനിയമ ഭേദഗതി റദ്ദാക്കിയ സർക്കാർ നിലപാട് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നുവെന്നു തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. ജനങ്ങളുടെ സ്വൈരജീവിതത്തിനു വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുകയും പൗരസ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുമായിരുന്ന നിർദിഷ്ട വന നിയമ ഭേദഗതിക്കെതിരേ പൊതുസമൂഹം പ്രത്യേകിച്ച്, കത്തോലിക്കാ കോൺഗ്രസും സഭാനേതൃത്വവും ശക്തമായ വിയോജിപ്പ് സർക്കാരിനെ പല വിധത്തിൽ അറിയിച്ചിരുന്നതാണ്. സഭയുടെയും സമുദായ സംഘടനകൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റേയും അഭിപ്രായം മാനിച്ചു മുഖ്യമന്ത്രി എടുത്ത തീരുമാനം ഒരു തുടക്കമാണ്.

സാധാരണക്കാരും കർഷകരുമായ മലയോര ജനങ്ങളുടെയും വനത്തോടു ചേർന്ന പ്രദേശങ്ങളിലുള്ളവരുടെയും ജീവനു ഭീഷണിയാകുന്ന വന്യ ജീവികളെ വനാതിർത്തിക്കുള്ളിൽ നിലനിർത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്നു മുഖ്യമന്ത്രിയോട് ആവർത്തിച്ച് അഭ്യർഥിക്കുന്നതായും പ്രസ്താവനയിൽ ആർച്ച് ബിഷപ് പറഞ്ഞു.

അമ്പലത്തിൻകാല അശോകൻ വധക്കേസ്: അഞ്ചു പ്രതികൾക്ക് ഇരട്ട ജീവപര്യന്തം

കാട്ടാക്കട: കാട്ടാക്കട അമ്പലത്തിൻകാല അശോകൻ വധക്കേസിൽ അഞ്ച് പ്രതികൾക്ക് ഇരട്ട ജീവപര്യന്തം. മൂന്ന് പ്രതികളെ ജീവപര്യന്തം തടവിനും കോടതി ശിക്ഷിച്ചു. എട്ട് പ്രതികൾക്കും അയ്യായിരം രൂപവീതം പിഴയും കോടതി ചുമത്തി. തിരുവനന്തപുരം സെഷൻസ് കോടതിയുടേതാണ് വിധി. കൊലപാതകത്തിൽ നേരിട്ട് പങ്കാളികളായ ഒന്നു മുതൽ അഞ്ചുവരെ പ്രതികളായ ശംഭു, ശ്രീജിത്ത്, ചന്ദ്രമോഹൻ, സന്തോഷ്, ഹരി എന്നിവർക്കാണ് ഇരട്ട ജീവപര്യന്തം.

കൊലപാതകത്തിനും ഗൂഢാലോചനയ്ക്കുമാണ് ശിക്ഷ. ഗൂഢാലോചന നടത്തിയ ഏഴാം പ്രതി സന്തോഷ്, പത്താം പ്രതി പ്രശാന്ത്, പന്ത്രണ്ടാം പ്രതി സജീവ് എന്നിവർക്കാണ് ജീവപര്യന്തം. സിപിഎം പ്രവർത്തകനായ അശോകൻ 2013 മേയിലാണ് ആലങ്കോട് ജംഗ്ഷനിൽ കൊല്ലപ്പെട്ടത്.

ഒന്നാം പ്രതി ശംഭുവിന്റെ പലിശക്കച്ചവടവുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിന് കാരണം. ആർഎസ്എസ് മണ്ഡലം കാര്യവാഹകായിരുന്ന രാജഗോപാൽ പ്രതിയായിരുന്നെങ്കിലും കുറ്റവിമുക്തനാക്കപ്പെട്ടു.

പലിശയ്ക്കു പണം നൽകുന്ന ആർഎസ്എസ് മുഖ്യശിക്ഷക് ശംഭുവിൽ നിന്നും 10000 രൂപ പലിശക്ക് വാങ്ങിയ ബിനു എന്ന ചെറുപ്പക്കാരൻ മുതലും പലിശയുമടക്കം 15000 രൂപ കൊടുത്തിട്ടും വീണ്ടും പണം ആവശ്യപ്പെട്ട് ബിനുവിനെ തടഞ്ഞ് നിർത്തി ക്രൂരമായി മർദിക്കുകയും സ്കൂട്ടർ പിടിച്ചു വാങ്ങുകയും ചെയ്തത് കണ്ട് അത് ചോദ്യം ചെയ്തതാണ് അശോകനെ കൊലപ്പെടുത്താനുള്ള കാരണം.

കിഡ്സ് അത്‌ലറ്റിക്സ്: സെന്റ് എലിസബത്ത് സ്കൂൾ ചാമ്പ്യൻമാർ

തൃശൂർ: ജില്ലാ അത്‌ലറ്റിക്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കുരിയച്ചിറ സെന്റ് പോൾസ് പബ്ലിക് സ്കൂളിൽ നടന്ന കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സെന്റ് എലിസബത്ത് സ്കൂൾ പൊങ്ങണംകാട് ചാമ്പ്യൻമാർ.

രണ്ടു ദിവസമായി നടന്ന ചാമ്പ്യൻഷിപ്പിൽ നാലുമുതൽ 12 വയസുവരെയുള്ള 1200 കുട്ടികൾ പങ്കെടുത്തു. സെന്റ് എലിസബത്ത് സ്കൂൾ 1451 പോയിന്റും പഴുവിൽ ശ്രീ ഗോകുലം പബ്ലിക് സ്കൂൾ 684 പോയിന്റും ചിറ്റിലപ്പിള്ളി ഐഇഎസ് പബ്ലിക് സ്കൂൾ 609 പോയിന്റും നേടി.

ഇന്ത്യൻ ബാസ്കറ്റ്ബോൾ കോച്ച് പി.സി. ആന്റണി സമ്മാനദാനം നിർവഹിച്ചു.

അസോസിയേഷൻ പ്രസിഡന്റ് പ്രഫ. ഇ.യു. രാജൻ, ജില്ലാ സെക്രട്ടറി ഡോ. കെ.എസ്. ഹരിദയാൽ, സംസ്ഥാന അസോസിയേഷൻ വൈസ് പ്രസിഡന്റ് ഡോ. സ്റ്റാലിൻ റാഫേൽ, സെന്റ് പോൾസ് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ സീലിയ, ജില്ലാ അസോസിയേഷൻ ട്രഷറർ ഹേമലത, കിഡ്സ് അത്‌ലറ്റിക്സ് ഭാരവാഹികളായ പി.എം. സുധീർ, എൻ.ടി. ഖാദർമോൻ, സി.എ. അനിൽ കുമാർ, റോൺ സേവ്യർ എന്നിവർ പ്രസംഗിച്ചു.

ദീപിക ക്ലാസിഫൈഡ്സ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9656207148
T2410-544104

കാർമ്മൽ ഹോം നേഴ്സിംഗ്
രോഗി പരിചരണം (M/F) ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവ ശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കാർമ്മൽ ഹോം നേഴ്സിംഗ്
കോതമംഗലം
Govt. അംഗീകൃതം
Ph : 7558861655, 9746261685
E2002-420078

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356
9388810095
Ph: 04862-255326
K2411-547476

കുട്ടികളുടെ ദീപിക

അറിയിപ്പ്
എൽസി 77, W/o അന്തോണി പൊറത്തൂര് ഹൗസ് പാറന്നൂർ ചൂണ്ടൽ എന്നവർക്ക് സെറ്റിൽമെന്റ് പ്രകാരം കൈവശമുള്ള മൂണ്ടൂർ സബ് രജിസ്റ്റർ ഓഫീസ് ഡോക്യുമെന്റ് നമ്പർ 1532 /2007 റീസർവ്വെ 273/7 ആധാരം കൈമോശം വന്നിട്ടുള്ളതാകുന്നു. ആയത് ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ തിരിച്ചുതരുവാൻ അപേക്ഷിക്കുന്നു. ടി. രേഖകൾ ഹാജരാക്കി യാതൊരുവിധ ബാദ്ധ്യതകളും വരുത്തിയിട്ടില്ല. ആയതിനാൽ ഇന്നു മുതൽ 15 ദിവസത്തിനുള്ളിൽ ആധാരങ്ങൾ തിരിച്ചു കിട്ടിയില്ല എങ്കിൽ ടി ആധാരങ്ങളുടെ സർട്ടിഫൈഡ് കോപികൾ എടുത്ത് പണയം, വിക്രയം മുതലായത് ചെയ്യുന്നതാണെന്നു ബോദ്ധ്യപ്പെടുത്തുന്നു.
എന്ന്
എൽസി W/o അന്തോണി
പൊറത്തൂര് ഹൗസ്, പാറന്നൂർ
ചൂണ്ടൽ 680 502
T2501-552182

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24
Z2501-551985

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്- ദർഘാസ് പരസ്യം
എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, പി എം യു, ഇലക്ട്രിക്കൽ സർക്കിൾ, ഷൊർണ്ണൂർ പാലക്കാട്
ഇ-ടെൻഡർ ID: 2025_KSEB_724067_1. അടങ്കൽ തുക: 42,77,335/- രൂപ
അവസാന തീയതി : 18-01-2025 03.00 pm.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, റിസർച്ച് & ഡാം സേഫ്റ്റി സബ് ഡിവിഷൻ നമ്പർ -1 വാഴത്തോപ്, ഇടുക്കി
ഇ-ടെൻഡർ ID: 2025_KSEB_725753_1. അടങ്കൽ തുക: 33,03,750/- രൂപ
അവസാന തീയതി : 01-02-2025 04.00 pm. ദർഘാസ് റീഷിപ്പിക്കൽ പരസ്യം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം, ട്രാൻസ്മിഷൻ സബ് ഡിവിഷൻ മുഴയിയാർ, പത്തനംതിട്ട
ഇ-ടെൻഡർ ID: 2025_KSEB_721446_1. അടങ്കൽ തുക: 30,33,475.59/- രൂപ
അവസാന തീയതി : 20-01-2025 11.00 am. ദർഘാസ് പ്രമാണങ്ങൾക്ക്: www.etenders.kerala.gov.in
വിശദവിവരങ്ങൾക്ക് www.kseb.in PR/MC1/C456/E-Tender/2025
R2501-552186

കേരള വാട്ടർ അതോറിറ്റി ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : Etender-41/2024-25/EE/PH/TVLA, Re-18,34,35,36/2024-25/EE/PH/TVLA, സ്റ്റേറ്റ് പ്ലാൻ 1. നീരേറ്റുപുറം WTP യുടെ അനുബന്ധ ഘടകങ്ങൾ മാറ്റി സ്ഥാപിക്കലും അറ്റകുറ്റപണിയും. 2. ചമ്പക്കുളം, നീലംപേരൂർ(ഓപ്പൺവെൽ), നെടുമുടി (ട്യൂബെൽ) പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കൽ, കുറ്റൂർ പഞ്ചായത്തിലെ 2024-25 വാർഷിക അറ്റകുറ്റപ്പണികൾ. നിരതദ്രവ്യം : Rs. 22376/- , 8944/- 50000/-, 7831/-, 50000/- . ടെണ്ടർ ഫീസ് : Rs. 1975/- 790/- 2760/-695/- 2760/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 23-01-2025- 01.00 pm. ഫോൺ : 0469-2701267. വെബ്സൈറ്റ്: www.kwa.kerala.gov.in, www.entenders.kerala.gov.in
(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-1040-2024-25 PH ഡിവിഷൻ, തിരുവല്ല
R2501-552165

കേരള വാട്ടർ അതോറിറ്റി ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : WRD/KWA-CE(CR)/TR/26360/2024. ജലവിതരണ സംവിധാനം- കൊച്ചി കോർപറേഷൻ 28, 29 (പഴയത്), 54, 52, 57, 55 ന്റെ ഭാഗം (പുതിയത്) എന്നീ ഡിവിഷനുകളിലെ 2024-25 ജല വിതരണ സംവിധാനങ്ങളിലെ വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ. നിരതദ്രവ്യം : Rs. 12926 . ടെണ്ടർ ഫീസ് : 1140. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 28-01-2025- 02.00 pm. ഫോൺ : 0484-2205580. വെബ് സൈറ്റ്: www.kwa.kerala.gov.in, www.entenders.kerala.gov.in
(ഒപ്പ്) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-1042-2024-25 സബ് ഡിവിഷൻ, വൈറ്റില
R2501-552164

കേരള വാട്ടർ അതോറിറ്റി ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : TENDER NO. WRD/KWA-CE(CR)/TR/14431/2024_5_7_6/1 പ്രോജക്റ്റ് ഡിവിഷൻ കട്ടപ്പന ഓഫീസിൽ ഡ്രൈവറെ കൂടാതെ വാഹനം വാടകയ്ക്കെടുക്കൽ. നിരതദ്രവ്യം : Rs. 15604 . ടെണ്ടർ ഫീസ് : Rs. 1380. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 18-01-2025- 04.00 pm. ഫോൺ : 08468250101. വെബ്സൈറ്റ്: www.kwa.kerala.gov.in, www.entenders.kerala.gov.in
(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-1038-2024-25 പ്രോജക്ട് ഡിവിഷൻ, കട്ടപ്പന
R2501-552166

CHANGE OF NAME
I DHANYA SUDHEESH KUMAR ,HOLDER OF PASSPORT NO W3718515 HERE BY CHANGE MY NAME TO DHANYA PUTHANMADATHIL MUKUNDAN KARTHA
T2501-552195

Valavi & Co
Near Market Bridge
Broadway
Ernakulam
Ph: 0484 235 3765
9074885863
Mail: brovalavi@gmail.com
E2405-531294

ഇന്ത്യൻ ബാങ്ക് Indian Bank
ഇലാഹബാദ് ALLAHABAD
ഇൻഡ്യൻ ബാങ്ക്, സോണൽ ഓഫീസ്, കോഴിക്കോട്
Dr. SB's ഡെന്റിസ്ട്രി & ഓർത്തോഡോൺടിക്സ് ബിൽഡിംഗ്, ഗ്രൗണ്ട് ഫ്ളോർ, കണ്ണൂർ റോഡ്,വെസ്റ്റ് നടക്കാവ്, കോഴിക്കോട്-673011
ഫോൺ: 0495-2366551. ഇ-മെയിൽ: zokozhikode@indianbank.co.in
കൈവശ നോട്ടീസ് (സ്ഥാവര വസ്തുക്കൾക്ക് വേണ്ടി)
സെക്യൂരിറ്റൈസേഷൻ ആന്റ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ലെ വകുപ്പ് 13 (4) പ്രകാരവും സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 ന് കീഴിലെ ചട്ടം 8 (1) പ്രകാരവും പുറപ്പെടുവിക്കുന്നത്.
സെക്യൂരിറ്റൈസേഷൻ ആന്റ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 പ്രകാരവും ടി ആക്ടിന്റെ 13 (12) സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 ചട്ടം 8 & 9 പ്രകാരവും **ഇൻഡ്യൻ ബാങ്കിന്റെ** നിയമാനുസരണമുള്ള ഓദ്യോഗിക അധികാരമുപയോഗിച്ച് ടി ബാങ്കിന് വേണ്ടി താഴെ ഒപ്പിട്ടിരിക്കുന്ന ഓദ്യോഗിക അധികാരി താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള നോട്ടീസ് പ്രകാരം ബാങ്ക് വായ്പ എടുത്ത വായ്പക്കാർ കുടിശ്കി സംഖ്യയും അതിൻമേലുള്ള പലിശയും മറ്റ് ചാർജ്ജുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും, എന്നാൽ വായ്പ എടുത്തവർ വായ്പ കുടിശ്കിയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിൽ അടയ്ക്കാതെ വീഴ്ച വരുത്തിച്ചിട്ടുള്ളതുകൊണ്ട് ടി ആക്ടിലെ വകുപ്പ് 13(4) ചട്ടം 8 & 9 പ്രകാരം താഴെ വിവരിക്കുന്ന സ്ഥാവര വസ്തുക്കൾ ടി ബാങ്ക് താഴെ പറയുന്ന തീയതിയിൽ കൈവശം എടുത്ത വിവരം ടി വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളേയും തെര്യപ്പെടുത്തുന്നു. വായ്പക്കാരോ ജാമ്യക്കാരോ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ ഭോഗ്യാലുള്ള അനുമതി കൂടാതെ നടത്തുന്ന ഏത് നടപടികളും കരണങ്ങളും അസാധുവായിരിക്കുമെന്നും, ടി വസ്തുവിനെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും ഈടാക്കാനുള്ള കുടിശ്കി തുകയും പലിശയും മറ്റ് ചിലവുകളും **ഇൻഡ്യൻ ബാങ്കിന്റെ** പ്രഥമ ചാർജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരെ വിശേഷിച്ചും ജനങ്ങളെ പൊതുവായും ഇതിനടിയിൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ തെര്യപ്പെടുത്തുന്നു.

ക്രമ നം.	വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാരുടെയും പേരും മേൽ വിലാസവും	ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്കി	കുടിശ്കി തുക	സ്ഥാവര വസ്തുക്കളുടെ പൂർണ്ണ വിവരണം
1.	1. ശ്രീ. എം. ഷെരീഫ് (വായ്പക്കാരൻ/ പണയക്കാരൻ), S/o മുഹമ്മദ്, 2. ശ്രീമതി. റൈഹാനത്ത് (സഹ വായ്പക്കാരി), W/o എം. ഷെരീഫ്, ഇരുവരും താമസം : നന്തിയാനത്തിൽ ഹൗസ്, വടക്കേക്കാട്, തൃശ്ശൂർ - 682011 ശാഖ: ഗുരുവായൂർ ഡിമാന്റ് നോട്ടീസ് തീയതി: 21-08-2024 കൈവശമെടുത്ത തീയതി: 13.01.2025	ഹോം ലോൺ അക്കൗണ്ട് നം. 7163516122 ൽ 19.08.2024 വരെ രൂപ 41,45,579/- (നാൽപത്തി ഒന്ന് ലക്ഷത്തി നാൽപത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒൻപത് രൂപ)യും 20.08.2024 മുതലുള്ള പലിശയും മറ്റു ചിലവുകളും.	19.08.2024 ലെ രൂപ 41,45,579/- (നാൽപത്തി ഒന്ന് ലക്ഷത്തി നാൽപത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒൻപത് രൂപ) യും 20.08.2024 മുതലുള്ള പലിശയും മറ്റ് ചെലവുകളും	തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, പുന്നയൂർ വില്ലേജിൽ, ശ്രീ.എം. ഷെരീഫ് പേരിലുള്ള സർവേ നം.221/10 ൽ പെട്ട 19.96 സെന്റ് സ്ഥലവും മറ്റു സകല വഹകളും. അതിരുകൾ: കിഴക്ക്: സുരേഷ്, മോഹനൻ വക വസ്തു; വടക്ക്: അഷ്റഫ് വക വസ്തു, പടിഞ്ഞാറ്: ഉമ്മുകുട്ടി വക വസ്തു & റോഡ്; തെക്ക് വിനു & മറ്റുള്ളവർ വക വസ്തു.
2.	1. ശ്രീമതി. ശ്രീദേവി. സി.കെ (വായ്പക്കാരി/പണയക്കാരി) W/o. ചെറുകാട